www.prepp.in

Prepp
Your Personal Exams Guide



# മലയാളം / MALAYALAM

## പേപ്പർ I / Paper I

## സാഹിത്യം / LITERATURE

| സമയം : **മൂന്ന്** മണിക്കൂർ | പരമാവധി മാർക്ക് : **250** |
|---|---|
| Time Allowed : **Three Hours** | Maximum Marks : **250** |

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

***ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :***

*ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.*

*പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .*

***ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.*

*ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.*

*ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.*

*ഉത്തരങ്ങൾ **മലയാളത്തിൽ**ത്തന്നെ എഴുതണം.*

*ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.*

*ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.*

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

Prepp
Your Personal Exams Guide

## SECTION A

**Q1. താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും ഏകദേശം നൂറ്റമ്പത് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക :** *10×5=50*

(a) കേരളപാണിനി ഉന്നയിക്കുന്ന 'ആറുനയം' 'ലീലാതിലക'ത്തിലെ 'കൂന്തൽവാദ'വുമായി താരതമ്യം ചെയ്തു പരിശോധിക്കുക. *10*

(b) പാട്ടുലക്ഷണം പൂർണ്ണമായും യോജിക്കുന്ന കൃതിയാണോ രാമചരിതം ? വിലയിരുത്തുക. *10*

(c) വടക്കൻപാട്ടിന്റെയും തെക്കൻപാട്ടിന്റെയും ഭാഷാപരമായ സവിശേഷതകൾ താരതമ്യം ചെയ്തു വിശദമാക്കുക. *10*

(d) ഭാഷാ സംക്രമണവാദത്തിന്റെ അടിസ്ഥാന തത്വങ്ങൾ പരിശോധിക്കുക. *10*

(e) 'സൈബർ മലയാളം' — ഉപന്യാസം തയ്യാറാക്കുക. *10*

**Q2. (a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :**

(a) നമ്പ്യാന്തമിഴിലെ ഭാഷാപരമായ സവിശേഷതകളെന്തെല്ലാം ? *20*

(b) മലയാളത്തിലെ ആദ്യത്തെ ഗദ്യകൃതിയായി കരുതിവരുന്ന 'ഭാഷാകൗടലീയ'ത്തിലെ ഭാഷയെക്കുറിച്ച് ചർച്ചചെയ്യുക. *15*

(c) മാപ്പിളപ്പാട്ടുകളിൽ പ്രകടമാകുന്ന ഭാഷയുടെ വിശേഷസ്വഭാവം വ്യക്തമാക്കുക. *15*

www.prepp.in
Prepp
Your Personal Exams Guide

**Q3.** **(a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :**

(a) മലയാളഭാഷയുടെ വികാസപരിണാമങ്ങൾക്കു പത്രഭാഷ നൽകിയ സംഭാവനകളെന്തെല്ലാം ? *20*

(b) ഭരണപരമായ ആവശ്യങ്ങൾക്കുവേണ്ടി മലയാളഭാഷയെ സാങ്കേതികമായി പരിഷ്കരിക്കുമ്പോഴുള്ള പ്രശ്നങ്ങൾ ചർച്ചചെയ്യുക. *15*

(c) ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യാൻ തക്കവണ്ണം മലയാളഭാഷയെ എങ്ങനെ ശക്തമാക്കാം ? *15*

**Q4.** **(a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :**

(a) കിളിപ്പാട്ടുകൃതികളായ 'അദ്ധ്യാത്മരാമായണ'ത്തിലെയും 'മഹാഭാരത'ത്തിലെയും ഭാഷയുടെ സാമാന്യതലം നിരൂപിക്കുക. *20*

(b) മലയാളഭാഷയ്ക്കു് ഗുണ്ടർട്ട് നൽകിയ സംഭാവനകളെന്തെല്ലാം ? *15*

(c) ഇംഗ്ലീഷ് ഭാഷയും സാഹിത്യവുമായുള്ള സമ്പർക്കംകൊണ്ട് മലയാളത്തിൽ നൂതന സാഹിത്യപ്രസ്ഥാനങ്ങൾ ഉടലെടുത്തു. വിലയിരുത്തുക. *15*

## SECTION B

**Q5.** **താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും ഏകദേശം നൂറ്റമ്പത് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക :** *10×5=50*

(a) ആട്ടക്കഥാപ്രസ്ഥാനത്തിന് ഉണ്ണായി വാര്യർ നൽകിയ സംഭാവനയെന്തെന്നു് വിശദീകരിക്കുക. *10*

(b) ഭാഷാസാഹിത്യത്തിലെ തെക്കും വടക്കും ഭേദങ്ങളെ കണ്ണശ്ശകൃതികളും കൃഷ്ണഗാഥയും പ്രതിനിധീകരിക്കുന്നുണ്ടോ ? *10*

(c) ദൃശ്യഭാഷ എന്ന നിലയിൽ തുള്ളൽകൃതികളിലെ കാവ്യഭാഷയുടെ പ്രത്യേകതകൾ അവലോകനം ചെയ്യുക. *10*

(d) മലയാളത്തിലെ നാടൻപാട്ടുകളെ വർഗ്ഗീകരിച്ച് സാമാന്യസ്വഭാവം വ്യക്തമാക്കുക. *10*

(e) ഉപരിപ്ലവമായ ആശയങ്ങളും വിരസമായ ആഖ്യാന സമ്പ്രദായവുമായിരുന്നു ആദ്യകാല ചെറുകഥകളുടെ മുഖമുദ്ര. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക. *10*

**Q6.** **(a) എന്ന ചോദ്യത്തിനു ഇരുനൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :**

(a) 'പച്ചമലയാളപ്രസ്ഥാന'ത്തിനു മലയാളസാഹിത്യത്തിലുള്ള സ്ഥാനം പരിശോധിക്കുക. *20*

(b) ഭാവഗീതങ്ങളുടെ ഉദാത്താവിഷ്കാരങ്ങളായി വള്ളത്തോളിന്റെ 'സാഹിത്യമഞ്ജരി'യെ പരിഗണിക്കാമോ ? *15*

(c) കാല്പനികകാവ്യമെന്ന നിലയിൽ 'വീണപൂവി'ന്റെ സ്ഥാനമെന്തു് ? *15*

www.prepp.in

Prepp
Your Personal Exams Guide

**Q7.** **(a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :**

(a) 'ഖസാക്കിന്റെ ഇതിഹാസ'ത്തിനു് മലയാള നോവൽസാഹിത്യചരിത്രത്തിലെ സ്ഥാനമെന്തു് ? *20*

(b) ആത്മകഥാസാഹിത്യത്തിലെ അവിസ്മരണീയമായ കൃതിയാണ് എസ്. ഗുപ്തൻനായരുടെ 'മനസാസ്മരാമി'. ശരിയോ ? *15*

(c) 'മലയാളത്തിലെ ഇബ്സൺ' എന്നു എൻ. കൃഷ്ണപിള്ളയെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ടു് ? *15*

**Q8.** **(a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :**

(a) 'ആധുനിക കവിത' എന്ന വീക്ഷണം അയ്യപ്പപ്പണിക്കരുടെ കവിതകൾക്കിണങ്ങുമോ ? പരിശോധിക്കുക. *20*

(b) ഭക്തിസാഹിത്യമെന്ന നിലയിൽ 'അദ്ധ്യാത്മരാമായണ'ത്തിന്റെ പ്രസക്തിയെന്തു് ? *15*

(c) ആധുനിക മാധ്യമസംസ്കാരത്തിന്റെ സ്വാധീനം ചെറുകഥകളിൽ ഏതളവിൽ പ്രകടമാണെന്നു് കണ്ടെത്തുക. *15*

www.prepp.in

Prepp
Your Personal Exams Guide